**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഹിളാ കിസാൻ ശാക്തീകരണ പരിയോജന (എം.കെ.എസ്.പി.) നെൽകൃഷി പുനരുദ്ധാരണത്തിനായുള്ള വനിതാ ലേബർ ബാങ്ക് പരിശീലനാർത്ഥികൾക്ക് പരിശീലനത്തിന് വേണ്ടി വരുന്ന ചെലവ് വർദ്ധിപ്പിച്ചത് കൺസോർഷ്യം (CoMPT) തീരുമാനിച്ച 03.01.2014 തീയതി മുതൽ പ്രാബല്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).247/2015/തസ്വഭവ തീയതി,തിരുവനന്തപുരം, 28.01.2015

==========================================================================

**പരാമർശം:** 1. സ.ഉ.(സാധാ)നം.1430/14/തസ്വഭവ. തീയതി 07-06-2014

2. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മഹിളാ കിസാൻ ശാക്തീകരണ പരിയോജനയുടെ 08.12.2014 ലെ 247/ എം.കെ.എസ്.പി./ കോംപ്റ്റ്/ പി.എം.യു/2014 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് മലപ്പുറം, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലെ നെൽകൃഷി പുനരുദ്ധാരണത്തിനായി ആവിഷ്കരിച്ച മഹിളാ കിസാൻ ശാക്തീകരൺ പരിയോജന (എം.കെ.എസ്.പി.) പദ്ധതിയുടെ വനിത ലേബർ ബാങ്ക് അംഗങ്ങളാകുന്ന പരിശീലനാർത്ഥികൾക്ക് യന്ത്രവത്കൃത ഞാറുനടീൽ, യന്ത്രങ്ങളുടെ അറ്റകുറ്റ പണികൾ, ഗ്രൂപ്പ് ഡൈനാമിക്സ് തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള തുക ഒരു പരിശീലനാർത്ഥിക്ക് 5,000/- രൂപ എന്നത് 7,500/- രൂപയായി, പദ്ധതിയുടെ അനുവദനീയമായ ഭരണചെലവിൽ അധികരിക്കരുത് എന്ന നിബന്ധനയ്ക്ക് വിധേയമായി വർദ്ധിപ്പിച്ചുകൊണ്ട് പരാമർശം(1)പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എം.കെ.എസ്.പി. പദ്ധതിയുടെ പരിശീലനാർത്ഥിയ്ക്ക് പരിശീലനത്തിന് വേണ്ടിവരുന്ന ചെലവ് വർദ്ധിപ്പിച്ചത് കൺസോർഷ്യം (CoMPT) തീരുമാനിച്ച 03.01.2014 തീയതി മുതൽ പ്രാബല്യം നൽകി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന പരാമർശം(2)ലെ കത്ത് പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മഹിളാ കിസാൻ ശാക്തീകരൺ പരിയോജന അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എം.കെ.എസ്.പി. പദ്ധതിയുടെ വനിത ലേബർ ബാങ്ക് പരിശീലനാർത്ഥിയ്ക്ക് പരിശീലനത്തിന് വേണ്ടി വരുന്ന തുക 7,500/- രൂപയായി വർദ്ധിപ്പിച്ചത് ടി പദ്ധതിയുടെ കൺസോർഷ്യം

(CoMPT) തീരുമാനിച്ച 03.01.2014 തീയതി മുതൽ പ്രാബല്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രാമൻകുട്ടി.സി.
ഡെപ്യൂട്ടറി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മഹിളാ കിസാൻ ശാക്തീകരണ പരിയോജന നിർവ്വഹണ ഏജൻസി, ഇടിസി ക്വാർട്ടേഴ്സ്, ഒല്ലൂക്കര, തൃശ്ശൂർ-680655.
4. ജില്ലാ പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, മലപ്പുറം, പാലക്കാട്, തൃശ്ശൂർ.
5. പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ.
6. ഡയറക്ടർ, ഗ്രീൻ ആർമി ലേബർ ബാങ്ക്, അത്താണി, തൃശ്ശൂർ.
7. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ